53

# പകരം ഒന്നും സ്വീകരിക്കരുത്

## വായനാഭാഗം #21

VI. മൂന്നാം പെസഹ മുതൽ യേശു ബെഥാന്യയിൽ എത്തുന്നതു വരെ (തുടരുന്നു).
  M. യെരുശലേമിൽ കൂടാരപ്പെരുന്നാൾ (തുടരുന്നു).
    3. പെരുന്നാളിനു ശേഷം:കൂടുതൽ ഉപദേശം (തുടരുന്നു).
      a. ഇരുട്ടിനെ കുറിച്ചും വെളിച്ചത്തെ കുറിച്ചുമുള്ള ഉപദേശം (യോഹ. 8:12–59).
      b. ഭൗതിക അന്ധതയെയും ആത്മിക അന്ധതയെയും കുറിച്ചുള്ള ഉപദേശം (യോഹ. 9:1–41).

**മുഖവുര**

കഴിഞ്ഞ പാഠത്തിൽ, യേശുവും തന്റെ ശിഷ്യന്മാരും കൂടാരപ്പെരുന്നാളിന് യെരുശലേമിൽ എത്തി. പെരുന്നാളിനുശേഷം, ഉപദേശിപ്പാൻ ക്രിസ്തു അവിടെ കുറെ ദിവസം കൂടെ താമസിച്ചു. ആ പാഠം പരിചയമുള്ള ഒരു സംഭവത്തോടെയാണ് അവസാനിപ്പിച്ചത്: വ്യഭിചാരകുറ്റത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീ. കഴിഞ്ഞ പാഠത്തിൽ അവസാനിപ്പിച്ചതുതൊട്ട് ഈ പഠനം നമുക്ക് തുടരാം.

ഈ പാഠത്തിലെ സംഭവങ്ങൾ യോഹന്നാൻ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതിലെ എല്ലാ ഭാഗവും സംഭവിച്ചതു ഒന്നുകിൽ യെരുശലേമിലോ അല്ലെങ്കിൽ യെരുശലേമിനടുത്തോ ആയിരിക്കാം (യോഹ 8:20, 59; 9:7) ഒരു പക്ഷെ കൂടാരപ്പെരുന്നാളു കഴിഞ്ഞ ഉടനെ ആയിരിക്കാം സംഭവിച്ചത്.[1]

യേശുവും യെരുശലേമിലെ മതാധികാരികളും തമ്മിലുള്ള പോരാട്ടം ഉയർന്നുവരുന്നതായി വേദഭാഗം വിരൽചൂണ്ടുന്നു. അവൻ പ്രമാണിമാരോടു പറഞ്ഞു, "*നിങ്ങളെ കുറിച്ചു* വളരെ സംസാരിപ്പാനും വിധിപ്പാനും എനിക്കുണ്ട്" (യോഹന്നാൻ 8:26; എംഫസിസ് മൈൻ). അതുമുതൽ, തന്നെത്തന്നെ വെളിപ്പെടുത്തിയതുകൂടാതെ, അവൻ തന്റെ ശത്രുക്കളേയും വെളിപ്പെടുത്തുന്നു. ഈ തിരുവെഴുത്തുഭാഗത്ത് പല വ്യത്യാസങ്ങളും അവൻ ചൂണ്ടിക്കാണിക്കുന്നു – ഒന്നുകിൽ പറഞ്ഞു അല്ലെങ്കിൽ അന്തർലീനമാക്കി – അതായതു തനിക്കും അവർക്കും തമ്മിലുള്ള വ്യത്യാസം:

| ക്രിസ്തു | അവന്റെ ശത്രുക്കൾ |
|---|---|
| ലോകത്തിന്റെ വെളിച്ചം (8:12) | ഇരുളിൽ (8:12) |
| വിധി സത്യമാകുന്നു (8:16) | ജഡപ്രകാരം വിധിക്കുന്നു (8:15) |
| മേലിൽ നിന്നുള്ളവൻ (8:23) | കീഴിൽനിന്നുള്ളവർ (8:23) |
| ലോകത്തിൽ നിന്നുള്ളവനല്ല (8:23) | ലോകത്തിൽ നിന്നുള്ളവർ (8:23) |
| പിതാവു: ദൈവം (8:38) | പിതാവു: പിശാചു (8:44) |

| | |
|---|---|
| ദൈവത്തെ അറിഞ്ഞു (8:55) | ദൈവത്തെ അറിയുന്നില്ല (8:55) |
| വിശ്വസ്തത (8:14, 40, 45, 46) | ഭോഷ്ക്കുപറയുന്നവൻ (8:44, 55) |
| നല്ല ഇടയൻ (10:11, 14) | കൂലിക്കാരൻ (10:12, 13) |

ക്രിസ്തു താൻ ആരാണെന്ന് അവകാശപ്പെടുന്നതിൽ ധൈര്യമുള്ളവനായി തീർന്നു. ഈ പഠനത്തിലെ വായനാഭാഗത്തിൽ തന്നെ "ഞാൻ" എന്ന അവന്റെ ഏഴു പ്രസ്താവനകളിൽ മൂന്നും യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു.[2] യേശു പറഞ്ഞു, "*ഞാൻ* ലോകത്തിന്റെ വെളിച്ചമാകുന്നു" (യോഹന്നാൻ 8:12; 9:5; എംഫസിസ് മൈൻ). "ഞാൻ നല്ല ഇടയനാകുന്നു" (10:11, 14; എംഫസിസ് മൈൻ).[3] അവന്റെ ധീരപൂർവ്വമായ പ്രസ്താവന, എങ്ങനെയായാലും യോഹന്നാൻ പറഞ്ഞത്, "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു, അബ്രഹാമിനു മുൻപേ, *ഞാൻ* ഉണ്ടായിരുന്നു" (8:58; എംഫസിസ് മൈൻ). അബ്രഹാമിനു മുൻപു അവനുണ്ടായിരുന്നു എന്ന അവകാശമായിരുന്നു അത്, എന്നാൽ അത് അതിലുപരിയായിരുന്നു: അതു ദൈവീകത്വത്തെ ഉറപ്പിക്കലായിരുന്നു.

യേശുവും അന്നത്തെ ആരോപണം ഉന്നയിച്ചിരുന്ന ആത്മീക അദ്ധ്യക്ഷന്മാരും തമ്മിലുള്ള വ്യത്യാസം പറയുന്നതാണ് ഈ പാഠത്തിന്റെ തലക്കെട്ട്. ഒരു ഉൽപ്പന്നം നന്നായി വിൽക്കുമ്പോൾ, ചന്തയിൽ സാധാരണ അനുകരണീയമായവ ധാരാളം എത്തും, പലപ്പോഴും നിലവാരം കുറഞ്ഞ അനുകരണങ്ങൾ ആയിരിക്കും. അതു സംഭവിക്കുമ്പോൾ, ആരംഭത്തിൽ ഉണ്ടായിരുന്ന ഉൽപാദകർ അവരുടെ പരസ്യത്തോടു ഈ വാക്കുകൾ കൂട്ടിച്ചേർക്കും. "പകരം ഒന്നും സ്വീകരിക്കരുത്." ഇന്നും, ലോകത്തിന്റെ ഏക പ്രത്യാശ ക്രിസ്തു മാത്രമാണെന്നുള്ളത് പലരും ത്യജിച്ചുകൊണ്ട് വേറെ പലതും പകരം നിർദ്ദേശിക്കുന്നു. നമ്മുടെ പാഠത്തിന്റെ ഉദ്ദേശം "കർത്താവിനു പകരമായി മറ്റൊന്നും സ്വീകരിക്കരുത്!"

### വേറൊരു വെളിച്ചം സ്വീകരിക്കരുത് (യോഹ. 8:12-59)

നമ്മുടെ പാഠത്തിന്റെ ആരംഭത്തിൽ, യേശു ദേവാലയത്തിൽ ഉപദേശിച്ചുകൊണ്ടിരിക്കയായിരുന്നു (വാ. 20, 59), "അത് ഭണ്ഡാരസ്ഥലത്തുവെച്ചായിരുന്നു" (വാ. 20). ഭണ്ഡാരം സ്ത്രീകളുടെ പ്രാകാര ഭാഗത്തായിരുന്നു[4], അതിൽ പതിമൂന്ന് കാഹളത്തിന്റെ–ആകൃതിയിൽ ധനശേഖര പെട്ടികൾ ഉണ്ടായിരുന്നു (മർക്കൊസ് 12:41, 43; ലൂക്കൊസ് 21:1[5]). അത് ന്യായാധിപ സഭാഹാളിനു അധികം ദൂരെ അല്ലായിരുന്നു.

കഴിഞ്ഞ പാഠത്തിൽ, സമാഗമന കൂടാരപ്പെരുന്നാളിലെ വെള്ളം കൊണ്ടുള്ള ചടങ്ങിനെ ബന്ധപ്പെടുത്തി "ജീവജലം" ക്രിസ്തു വാഗ്ദാനം ചെയ്തു. ഇപ്പോൾ അവൻ പറഞ്ഞു "ജീവന്റെ വെളിച്ചം," താൻ ആകുന്നു എന്നത് ഒരുപക്ഷെ പെരുന്നാളിനിടയിൽ സ്ത്രീകളുടെ പ്രാകാരത്തിനുമുകളിൽ ഉണ്ടായിരുന്ന പ്രകാശത്തെ ചൂണ്ടി ആയിരിക്കാം അവനത് പറഞ്ഞത്.[6] "പിന്നെയും യേശു അവരോടു പറഞ്ഞു 'ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ, ജീവന്റെ വെളിച്ചം ഉള്ളവനാകുന്നു.'" (വാ. 12). എച്ച്. ഐ. ഹെസ്റ്റർ പറഞ്ഞു, "എന്തൊരു അവകാശം – ഒന്നുകിൽ അത് സത്യം അല്ലെങ്കിൽ അത് മനുഷ്യൻ നടത്തിയ ഏറ്റവും വലിയ പൊങ്ങച്ചം."[7] അദ്ധ്യായത്തിന്റെ അവസാന ഭാഗ

ത്തേക്കു നാം പോകുമ്പോൾ ക്രിസ്തുവിന്റെ വാക്കുകൾ യെഹൂദാധികാരി കളെ ചൊടിപ്പിച്ചതായി കാണാം. അദ്ധ്യായം 7–ലെ വിവാദത്തെ – തുടർന്നാ യിരുന്നു വാദം. അത് അദ്ധ്യായം 5–ൽ നടന്ന പോരാട്ടം പോലെ ആയിരുന്നു.[8] ആ അദ്ധ്യായത്തിൽ പല വലിയ വിഷയങ്ങളും നമ്മളെ പരിചയപ്പെടുത്തു ന്നുണ്ട് എന്നാൽ ആ ചർച്ചയുടെ എല്ലാ വശവും നോക്കുവാൻ നമുക്കു സമയമില്ല. നമുക്ക് പ്രധാനപ്പെട്ടവയിൽ മാത്രം ഒതുങ്ങാം.

**സത്യത്തിന്റെ വെളിച്ചം**

യെഹൂദ പ്രമാണിമാർ യേശുവിനോടു വെല്ലുവിളിച്ചു, "നീ ആരാ കുന്നു?"; "... നീ നിന്നെത്തന്നെ ആരാണാക്കുന്നത്?" (8:25, 53). ഇന്നു നാം, "നിങ്ങൾ ആരാണെന്നാണ് വിചാരിക്കുന്നത്?"[9] എന്ന് ആരൊടെങ്കിലും നാം ചോദിക്കും. താൻ ആരാണെന്നും തന്റെ ദൗത്യം എന്തായിരുന്നുവെന്നും അവരോടു പറയുവാൻ ക്രിസ്തു മടിച്ചില്ല. അവൻ ലോകത്തിന്റെ വെളിച്ച മായിരുന്നുവെന്ന യേശുവിന്റെ പ്രസ്താവന നാം പരിഗണിച്ചുകഴിഞ്ഞിരി ക്കുന്നു (വാ. 12). അതിനുപുറമെ, അവൻ പറഞ്ഞു, ...

... അവന്റെ വാക്കുകൾ സത്യമായിരുന്നു (വാ. 14, 16).
... അവൻ ഉയരത്തിൽ നിന്നുള്ളവനായിരുന്നു (വാ. 23).
... അവൻ ദൈവത്താൽ അയയ്ക്കപ്പെട്ടവനായിരുന്നു[10] (വാ. 26).
... ദൈവം ഉപദേശിച്ചതു മാത്രമാണ് അവൻ സംസാരിച്ചത് (വാ. 26, 28).
... അവൻ ദൈവത്തെ പ്രസാദിപ്പിക്കുക മാത്രമാണ് ചെയ്തത് (വാ. 29).

താൻ ദൈവത്തെ പ്രസാദിപ്പിക്കുക മാത്രമാണ് ചെയ്തത് എന്ന അവ കാശത്തെ കുറിച്ച് പറയുമ്പോൾ, ഞാൻ വാക്യം 46–ലെ അവന്റെ വെല്ലുവി ളിയെ എടുത്തുപറയേണ്ടതാണ്: "നിങ്ങളിൽ ആർ എന്നെ പാപത്തെ കുറിച്ചു ബോധം വരുത്തും?" നിങ്ങളോടും എന്നോടുമാണ് ആ ചോദ്യം ചോദിച്ച തെങ്കിൽ നിമിഷങ്ങൾക്കകം നമ്മെ അറിയുന്നവർ മൂന്ന്–അടി–നീളമുള്ള പാപ പട്ടിക നമ്മുടേതാണെന്നു പറഞ്ഞുകൊണ്ടുവരും. എന്നാൽ, യേശുവിൽ അതിനാർക്കും കഴിഞ്ഞില്ല;[11] അവൻ "പാപം കൂടാതെ" യുള്ളവനായിരുന്നു (എബ്രായർ 4:15).

"നീ ആർ ആകുന്നു?" എന്ന ചോദ്യത്തിന് പ്രതികരണമായി യോഹ ന്നാൻ 8:25–ൽ, ഫലത്തിൽ, യേശു പറഞ്ഞു,

- "നിങ്ങൾ കൊല്ലുവാൻ ശ്രമിക്കുന്നവനാണു ഞാൻ" (വാ. 37, 40).
- "നിങ്ങൾ ഉയർത്തുവാൻ പോകുന്നവൻ ആകുന്നു ഞാൻ" (അവന്റെ ക്രൂശിലെ മരണത്തെ സൂചിപ്പിക്കുന്നു) (വാ. 28; യോഹ. 3:14; 12:32).
- "സ്വർഗ്ഗത്തിലേക്കു പോകുവാനിരിക്കുന്നവൻ ഞാനാകുന്നു" (അവന്റെ സ്വർഗ്ഗാരോഹണത്തെ സൂചിപ്പിക്കുന്നു; 8:21).
- "നിങ്ങൾ രക്ഷിക്കപ്പെടണമെങ്കിൽ നിങ്ങൾ വിശ്വസിക്കേണ്ടവൻ ഞാനാ കുന്നു" (വാ. 24,[12] 30, 46).

വാ. 30 പറയുന്നു, "അവൻ ഇതുപറഞ്ഞപ്പോൾ, പലരും അവനിൽ വിശ്വസിച്ചു." അതിശയകരമായി, "അവനിൽ വിശ്വസിച്ചവരുടെ കൂട്ടത്തിൽ" യെഹൂദാധികാരികളും ഉണ്ടായിരുന്നു. (വാ. 31,[13]; യോഹന്നാൻ 9:16–ലേക്കു നോക്കുക).[14] അവരിൽ ഒരാൾ നിക്കൊദേമോസ് ആയിരുന്നു (യോഹ. 7:50); മറ്റൊരാൾ അരിമഥ്യക്കാരനായ യോസേഫ് ആയിരുന്നു (മർക്കൊസ് 15:43; ലൂക്കൊസ് 23:50, 51; യോഹന്നാൻ 19:38); ഒരുപക്ഷെ മറ്റുള്ളവരും ഉണ്ടായേക്കാം (യോഹ. 12:42 നോക്കുക).

തന്നിലുള്ള വിശ്വാസം രഹസ്യമായി സൂക്ഷിക്കേണ്ടതല്ല എന്ന് ക്രിസ്തു ഊന്നിപ്പറഞ്ഞു. "ആകയാൽ തന്നിൽ വിശ്വസിച്ച യെഹൂദന്മാരോടു യേശു പറഞ്ഞു, '*നിങ്ങൾ എന്റെ വചനത്തിൽ നിലനിന്നാൽ*, വാസ്തവമായും നിങ്ങളെന്റെ ശിഷ്യന്മാരാകുന്നു'" (യോഹ. 8:31; എംഫസിസ് മൈൻ). വീണ്ടും, അവൻ പറഞ്ഞു, "... എന്റെ വചനം പ്രമാണിക്കുന്നവൻ ഒരിക്കലും മരണം കാണുകയില്ല" (വാ. 51; എംഫസിസ് മൈൻ). വിശ്വാസം മാത്രം പോരാ.

**തെറ്റിന്റെ ഇരുട്ട്**

ചുരുക്കം ചില പ്രമാണിമാർ ക്രിസ്തുവിനെ പ്രസാദിപ്പിച്ചപ്പോൾ, അധികം പേരും അങ്ങനെ ചെയ്തില്ല. വിവേകവും വെളിച്ചത്തിന്റെ ഉറവിടവും ഉള്ള, പ്രകാശിതരായവർ, അവനല്ല, തങ്ങളാണെന്നു ഭൂരിഭാഗവും വിശ്വസിച്ചിരുന്നു. ആ അറിവിലും (വാ. 14) വിവേകത്തിലും (വാ. 43) അവർ കുറവുള്ളവരായിരുന്നുവെന്ന് പറഞ്ഞ യേശു അവരെ കോപാകുലരാക്കി. മനസ്സിലാക്കുന്നതിൽ അവർ പരാജയപ്പെട്ടതിന്റെ പല ഉദാഹരണങ്ങളും അദ്ധ്യായത്തിൽ നമുക്കു കാണാം:

ക്രിസ്തു തന്റെ പിതാവിനെ കുറിച്ചു പറഞ്ഞപ്പോൾ, (വാ. 18), അവൻ സ്വർഗ്ഗസ്ഥ പിതാവിനെ കുറിച്ചാണു പറഞ്ഞതെന്നു അവർക്കു മനസ്സിലായില്ല (വാ. 19; കൂടാതെ വാ. 27).

താൻ കുറഞ്ഞോന്നു കഴിയുമ്പോൾ പോകുമെന്നും, താൻ പോകുന്നയിടത്ത് അവർക്കുവരുവാൻ കഴിയുകയില്ല എന്നും യേശു പറഞ്ഞപ്പോൾ (വാ. 21), അവൻ സ്വർഗ്ഗത്തിലേക്കു പോകുവാനിരിക്കുന്നുവെന്നാണ് പറഞ്ഞതെന്ന് അവർക്കു മനസ്സിലായില്ല. അവൻ ആത്മഹത്യ ചെയ്യുവാൻ പോകുന്നുവെന്ന് പറഞ്ഞതായിട്ടാണ് അവർ കരുതിയത് (വാ. 22).

സത്യം അവരെ സ്വതന്ത്രരാക്കുമെന്ന് അവൻ പറഞ്ഞപ്പോൾ (വാ. 32[15]), രാഷ്ട്രീയ സ്വാതന്ത്ര്യത്തെ കുറിച്ചാണ് ഇങ്ങനെ പറഞ്ഞത് എന്നു ലിചാരിച്ചു, "ഞങ്ങൾ അബ്രഹാമിന്റെ സന്തതികളാണ്. ഞങ്ങൾ ആർക്കും ഒരിക്കലും ദാസന്മാരായി തീർന്നിട്ടില്ല"[16] (വാ. 33). തീർച്ചയായും, യേശുവിന്റെ മനസ്സിൽ, ആത്മീയ സ്വാതന്ത്ര്യമായിരുന്നു – പ്രത്യേകിച്ച് പാപത്തിന്റെ കുറ്റത്തിൽ നിന്നും ശക്തിയിൽ നിന്നും ഉള്ള മോചനമായിരുന്നു (വാ. 34[17]; 36).

അവർ വിചാരിച്ചതു ഭൗതികമായി അബ്രഹാമിന്റെ സന്തതികളായി ജീവിക്കുന്നത് പ്രസക്തമാണെന്നാണ് (വാ. 33, 39, 53, 56). ആ വിശ്വസ്ത മനുഷ്യന്റെ ആത്മീയ സന്തതികളായി തീരുക എന്നതാണ് പ്രാധാന്യമുള്ള കാര്യമെന്ന് അവർ തിരിച്ചറിഞ്ഞില്ല (വാ. 37, 39; റോമർ 2:28, 29 നോക്കുക).

ദൈവമായിരുന്നു തങ്ങളുടെ ആത്മീയ പിതാവെന്നും അവർ വിചാരിച്ചു (വാ. 41). യേശുവിനെ തള്ളിക്കളഞ്ഞുകൊണ്ടു, അവരുടെ പിതാവായ, പിശാചിന്റെ പ്രവൃത്തികളെയാണ് അവർ ചെയ്തുകൊണ്ടിരുന്നതെന്നും അവർക്കു

കാണുവാൻ കഴിഞ്ഞില്ല (37, 38, 40, 41, 44[18]).

തന്നിൽ വിശ്വസിക്കുന്നവർ മരണം കാണുകയില്ല എന്ന് ക്രിസ്തു പറഞ്ഞപ്പോൾ (വാ. 51), അവൻ ഭൗതിക മരണത്തെ കുറിച്ചാണു പറഞ്ഞതെന്നു പ്രമാണിമാർ കരുതി (വാ. 52, 53). എങ്ങനെയായാലും, യേശുവിന്റെ മനസ്സിൽ ആത്മീക മരണമായിരുന്നു ഉണ്ടായിരുന്നത്: അവനിൽ വിശ്വസിച്ച് അവന്റെ വചനം പ്രമാണിക്കുന്നവർ ഈ ലോകത്തിൽ ദൈവത്തിൽനിന്ന് വേർപെടുകയില്ല (ആത്മീയമരണം, എഫെസ്യർ 2:1; 1 തിമൊഥെയൊസ് 5:6), ഈ ലോകത്തിനുശേഷം അവർ നരകത്തിലും പോകയില്ല (രണ്ടാം മരണം; വെളിപ്പാട് 20:14; 21:8).

അബ്രഹാം തന്റെ ദിവസം കണ്ടു സന്തോഷിക്കുമെന്നു ക്രിസ്തു പറഞ്ഞപ്പോൾ (വാ. 56), അവൻ വിഡ്ഢിത്തം സംസാരിക്കുന്നുവെന്നാണ് അവർ കരുതിയത് (വാ. 57; വാ. 48,[19] 52; യോഹന്നാൻ 10:20). തീർച്ചയായും, യേശു, തന്റെ മുൻ അസ്തിത്വത്തെ ആയിരുന്നു അവകാശപ്പെട്ടിരുന്നത് (വാ. 58; യോഹന്നാൻ 1:1, 2, 14).

ക്രിസ്തു പറഞ്ഞതിൽ അധികവും അവന്റെ എതിരാളികൾക്കു മനസ്സിലായില്ല, എന്നാൽ ആ അവസരത്തിൽ അവസാനം അവൻ പറഞ്ഞ വാക്കുകളുടെ പ്രാധാന്യം അവർ മനസ്സിലാക്കി: “ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു, അബ്രഹാമിനു മുൻപേ ഞാനുണ്ടായിരുന്നു'' (യോഹന്നാൻ 8:58). മുൾപ്പടർപ്പ് കത്തിക്കൊണ്ടിരുന്നപ്പോൾ ദൈവം മോശെയോടു സംസാരിച്ചു, മോശെ അവന്റെ പേർ എന്തെന്നു ചോദിച്ചു. നാം വായിക്കുന്നു, “ദൈവം മോശെയോടു പറഞ്ഞു, ‘ഞാൻ ആകുന്നവൻ ഞാൻ ആകുന്നു’; പിന്നെ അവൻ പറഞ്ഞു, ‘ആകയാൽ നീ യിസ്രായേൽ മക്കളോടു പറക, “ഞാൻ ആകുന്നവൻ എന്നെ നിങ്ങളുടെ അടുക്കലേക്കയച്ചു”’” (പുറപ്പാട് 3:14). “അബ്രഹാമിനു മുൻപേ, ഞാനുണ്ടായിരുന്നു,” എന്നു യേശു പറഞ്ഞപ്പോൾ തനിക്കു തന്നെ ദൈവത്തിന്റെ ഏറ്റവും ആദരണീയമായ പേർ നൽകുകയായിരുന്നു.

ശ്രോതാക്കൾക്കു ക്രിസ്തുവിന്റെ വാക്കുകളുടെ പ്രാധാന്യം മനസ്സിലായി, എന്നാൽ അവരുടെ ദുരഭിമാനം നിമിത്തം അവർക്ക് അവനിൽ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. അവരുടെ ഇരുണ്ട മനസ്സുകളിൽ, യേശു ദൈവദൂഷണക്കുറ്റമുള്ളവനും മരണത്തിന് ഏൽപ്പിക്കപ്പെടേണ്ടവനുമായിരുന്നു (ഈ വേദഭാഗത്തെ യോഹന്നാൻ 10:31, 33 മായി താരതമ്യം ചെയ്യുക). “അപ്പോൾ അവർ അവനെ എറിവാൻ കല്ലെടുത്തു,[20] യേശുവോ മറഞ്ഞു ദേവാലയം വിട്ടുപോയി” (യോഹന്നാൻ 8:59).[21] ഒരുപക്ഷെ അവൻ പുരുഷാരത്തിനിടയിലേക്കിറങ്ങി തന്റെ സ്നേഹിതന്മാരാൽ ചുറ്റപ്പെട്ടു പെട്ടെന്നു പോയ്ക്കാണും. എങ്ങനെയായാലും, “അവന്റെ നാഴിക അതുവരെയും വരാതിരുന്നതുകൊണ്ട്” ഒരിക്കൽകൂടെ അവൻ ദൈവകരുണയാൽ സംരക്ഷിക്കപ്പെട്ടു (വാ. 20).

വളരെയധികം വ്യത്യാസം കാണിക്കുന്നതിന്, ചിലപ്പോൾ നാം പറയും “ഇരുട്ടും വെളിച്ചവും പോലെ വ്യത്യസ്തമാണ്.” യേശുവും അന്നത്തെ മതാധികാരികളും വെളിച്ചവും ഇരുളും പോലെ വ്യത്യാസമുള്ളവരായിരുന്നു. “ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളയുന്ന” ഇന്നത്തെ മതാദ്ധ്യക്ഷന്മാരും യേശുവും തമ്മിലുള്ള വ്യത്യാസം അതുപോലെ തന്നെയാണ് (പ്രവൃത്തികൾ 20:30). ദൂരെ അകറ്റുവാൻ അനുവദിക്കരുത്. ക്രിസ്തുവിന്റെയും അവന്റെ അപ്പൊസ്തലന്മാരുടെയും ഉപദേശം മാത്രം കേൾക്കു

ക. പകരം മറ്റൊന്നും സ്വീകരിക്കരുത്!

**മറ്റൊരു കർത്താവിനെ സ്വീകരിക്കരുത് (യോഹ. 9:1-41)**

യേശു ദേവാലയം വിട്ടുപോയശേഷം, "അവൻ കടന്നുപോകുമ്പോൾ, പിറവിയിലെ കുരുടനായ ഒരു മനുഷ്യനെ കണ്ടു" (വാ. 1). ആ മനുഷ്യൻ ഒരു യാചകനായിരുന്നു (വാ. 8). സ്ത്രീകളുടെ പ്രാകാരത്തിലേക്കുള്ള മുഖ്യ പ്രവേശന കവാടമായിരുന്നു യാചനക്ക് പറ്റിയ സ്ഥലം (പ്രവൃത്തികൾ 3:2), അവിടെയായിരുന്നു ക്രിസ്തു ഉപദേശിച്ചുകൊണ്ടിരുന്നത് (യോഹന്നാൻ 8:20[22]). മറ്റൊരു വാക്കിൽ പറഞ്ഞാൽ, കർത്താവു തന്റെ ജീവനുംകൊണ്ടു ഓടിയിരുന്നപ്പോൾ പോലും, അവൻ ഒരു കുരുടനെ സൗഖ്യമാക്കുവാൻ സമയം കണ്ടെത്തി (യോഹ. 9:6, 7).[23]

ആ സൗഖ്യമാക്കൽ നടന്നത് ശബ്ബത്തിൽ ആയിരുന്നു (വാ. 14), അത് മറ്റൊരു ശബ്ബത്ത് വിവാദത്തിന് ഇടയായി തീർന്നു.[24] എങ്ങനെയായാലും, ഈ സമയത്ത്, വിമർശനത്തിന് ഇരയായത് യേശു മാത്രമായിരുന്നില്ല, സൗഖ്യമായ ആ മനുഷ്യനും വിമർശിക്കപ്പെട്ടു.[25] അധികാരികൾ കാരുണ്യരഹിതമായി അവനെ ചോദ്യം ചെയ്തു; എന്നാൽ അവന്റെ ബോധ്യത്തെ, പള്ളിയിൽ നിന്നു അവർ അവനെ പുറത്താക്കിയിട്ടുപോലും ഇളക്കുവാൻ അവർക്കു കഴിഞ്ഞില്ല, പിന്നീടു, "ക്രിസ്തു അവനെ കണ്ടു തന്നെത്താൻ അവന്നു വെളിപ്പെടുത്തിയപ്പോൾ, 'കർത്താവേ, ഞാൻ വിശ്വസിക്കുന്നു,' എന്നു പറഞ്ഞ് അവൻ അവനെ നമസ്കരിച്ചു" (വാ. 38).

മനം കവരുന്ന ഈ സംഭവം യോഹന്നാൻ രേഖപ്പെടുത്തിയത് യേശുവിൽ വിശ്വാസമുണ്ടാകേണ്ടതിനായിരുന്നു (യോഹന്നാൻ. 20:30, 31). യോഹന്നാൻ 9:39–41 ലെ തുടർച്ച, എങ്ങനെയായാലും, വ്യക്തമാക്കുന്നത്, ഭൗതിക അന്ധതയും ആത്മീയ അന്ധതയും തമ്മിലുള്ള വ്യത്യാസത്തെയാണ്. യേശുവിനെ മശിഹയായി സ്വീകരിക്കുവാൻ മടിച്ചവർക്ക് അത് തിരിച്ചറിയുവാൻ കഴിഞ്ഞില്ല, എന്നാൽ അവർ ആത്മീയ അന്ധതയിലായിരുന്നു, അവർ അജ്ഞതയുടെ ഇരുട്ടിലും, ദുരഭിമാനത്തിലും, പാപത്തിലും ഉഴലുകയായിരുന്നു.

ഇന്ന് "പല കർത്താക്കന്മാർ" ഉണ്ട് (1 കൊരിന്ത്യർ 8:5). നമ്മുടെ ബന്ധത്തിനായി മത്സരിക്കുന്നവരുണ്ട്, എന്നാൽ വാസ്തവത്തിൽ ഏക കർത്താവേയുള്ളൂ (എഫെസ്യർ 4:5). മറ്റുള്ളവർ എല്ലാം "കുരുടരെ വഴികാട്ടുന്ന കുരുടന്മാരാണ്. ഒരു കുരുടൻ കുരുടനെ വഴികാട്ടിയാൽ, രണ്ടുപേരും കുഴിയിൽ വീഴും" (മത്തായി 15:14). പകരം മറ്റാരെയും സ്വീകരിക്കരുത്.

**മറ്റൊരു അദ്ധ്യക്ഷനെ സ്വീകരിക്കരുത് (യോഹ. 10:1-21)**

നല്ല ഇടയനെ കുറിച്ചുള്ള പ്രസംഗം നടത്തിയ ഉടനെയാണ് പരീശന്മാരോടു അവരുടെ ആത്മീയ അന്ധതയെ കുറിച്ചു യേശു പറഞ്ഞത് (യോഹന്നാൻ 9:40, 41). വാക്യം 1 മുതൽ 5 വരെ പൊതുവിൽ പറയുന്നത് "നല്ല ഇടയന്റെ ഉപമ" ആണ് (വാ. 6 നോക്കുക; കെ.ജെ.വി). "ഉപമ," എന്ന വാക്ക് പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത് സ്വീകരിക്കാവുന്നിടത്തോളം, അതിൽ പല അലങ്കാര പ്രയോഗങ്ങളുമുണ്ട്.[26] "ഉപമ" എന്നതിന്റെ ഗ്രീക്ക് വാക്ക് (*പാരാബോൾ*) യോഹന്നാൻ ഉപയോഗിച്ചിട്ടില്ല. മറിച്ച്, അവൻ ഉപയോഗിച്ച വാക്ക് (*പാരോയിമിയ*) ആണ് അതിനർത്ഥം "ബിസൈഡ് ദ വേ."

സാധാരണ ഭാഷ ഉപയോഗിക്കാതെ മറ്റൊരു രീതിയിൽ ഉപയോഗിക്കുന്ന വാക്കാണിത് – വേറൊരു വാക്കിൽ പറഞ്ഞാൽ, അലങ്കാര പ്രയോഗം.[27] എൻ എഎസ്ബിയിൽ വാക്യം 6–ൽ "ഫിഗർ ഓഫ് സ്പീച്ച്" എന്നാണ്; എൻകെ ജെവി ഉപയോഗിച്ചിരിക്കുന്നത് "ഇല്ലസ്ട്രേഷൻ" എന്നാണ്.

ക്രിസ്തുവിന്റെ ചിത്രീകരണം ശരിയായി മനസ്സിലാക്കുവാൻ, അവന്റെ കാലത്തെ ആടുകളെ കരുതുന്നതിനെ കുറിച്ചുള്ള വിശദീകരണം എടുക്കുന്നതു നന്നായിരിക്കും.[28] പകൽ സമയത്ത്, ഇടയന്മാർ ആടുകളെ തുറന്ന സ്ഥലങ്ങളിലേക്കു മേയുവാൻ നയിക്കും. രാത്രിയിൽ, ആടുകളെ പലപ്പോഴും കൂട്ടിലാക്കും.[29] അത് മേൽക്കൂരയില്ലാത്തതും ഒറ്റവാതിലോ അല്ലെങ്കിൽ ഗെയിറ്റോ ഉള്ളതായിരിക്കും; അതിന് ഇളക്കാവുന്ന കല്ലുകൾ ഉള്ള ചുമരോ അല്ലെങ്കിൽ കട്ടിയായ മുൾച്ചെടികളോ ഉണ്ടായിരുന്നു. ഒരു കൂട്ടിൽ ധാരാളം ആടുകളെ കയറ്റി "ഒരു വാതിൽ സൂക്ഷിപ്പുകാരന്റെ" കരുതലിൽ ആക്കിയിരുന്നു[30]. അയാൾ വാതിൽക്കൽ തന്നെ വാതിൽ സൂക്ഷിപ്പുകാരനായി ഇരിക്കും. രാവിലെ, വാതിൽ സൂക്ഷിപ്പുകാരൻ വാതിൽ തുറക്കുകയും ആടുകൾ പുറത്തേക്കു പോകുകയും ചെയ്യും. ഓരോ ഇടയനും തന്റെ ആടുകളെ പേർ ചൊല്ലി വിളിക്കും, അവ അവന്റെ അടുക്കലേക്കു പോകും; ഓരോ ആടും ഇടയന്റെ ശബ്ദം തിരിച്ചറിഞ്ഞിരുന്നു. പൊതുവിൽ, ഇടയന്മാർ ആടുകളുടെ ക്ഷേമത്തെ ആത്മാർത്ഥമായി കരുതിയിരുന്നു; എന്നാൽ, ഏതു ജോലിയിലും അതു വാസ്തവമാണ്, ചിലർക്ക് തങ്ങളുടെ ശമ്പളത്തിൽ മാത്രമായിരുന്നു താൽപര്യം അതു ലഭിച്ചിരുന്നത് ആടുകളുടെ ഉടമസ്ഥന്മാരിൽ നിന്നായിരുന്നു.[31]

തന്റെ അനുയായികളോടു തനിക്കുള്ള കരുതലും സ്നേഹവും ശക്തമാണെന്നു ഫലിപ്പിക്കുവാൻ അവൻ ഈ വിശദീകരണം ഉപയോഗിച്ചു. കൂടാതെ തനിക്കും ദൈവത്തിന്റെ ആത്മീയ ഇടയന്മാർ എന്ന് അവകാശപ്പെടുന്നവർക്കും തമ്മിലുള്ള അന്തരം കാണിച്ചുകൊടുപ്പാനും അവൻ ഉപയോഗിച്ചു.

**ദൈവത്താൽ-അംഗീകരിക്കപ്പെട്ട അദ്ധ്യക്ഷൻ**

യോഹന്നാൻ 10–ലെ ചിത്രീകരണം ക്രിസ്തു തന്നെ "ആടുകളുടെ വാതിൽ ആകുന്നു" എന്നും (വാ. 7, 9), കൂടാതെ ഇടയൻ ആകുന്നുവെന്നും പറഞ്ഞു (വാ. 11, 14). തീർച്ചയായും, അവൻ രണ്ടുമാണ് – അതിലും കൂടുതലുമാണ്. ഒരു അലങ്കാര പ്രയോഗം കൊണ്ടു അവൻ എല്ലാമാണ് എന്ന് പറയുവാൻ സാധ്യമല്ല.

"ഞാൻ വാതിൽ ആകുന്നു" എന്ന് യേശു പറഞ്ഞപ്പോൾ, (വാ. 7, 9), പിതാവിന്റെ അടുക്കൽ എത്തുവാൻ ഏക വഴി അവൻ മാത്രമാണെന്നാണ് ഊന്നിപ്പറഞ്ഞത് (യോഹന്നാൻ 14:6 നോക്കുക). അകത്തു കടക്കുകയും പുറത്തുപോകയും ചെയ്യുന്നു എന്നത് (10:9) ഒരു അലങ്കാരപ്രയോഗമായി അവൻ മാത്രമാണ് സുരക്ഷിതവും ഭദ്രവുമായ വഴി (ആട് തൊഴുത്തിനുള്ളിൽ പോകുന്നു) സ്വാതന്ത്ര്യത്തിലേക്കുള്ള ഏക വഴിയിൽ കൂടെ അത് സമൃദ്ധവുമാണ് (ആട് പുറത്തു പോകുന്നതു മേയുന്നതിനാണ്).[32]

മിക്കപേരും തിരുവെഴുത്തിലെ ഈ ഭാഗം ഇഷ്ടപ്പെടുവാൻ കാരണം അവിടെ യേശുവിനെ നല്ല ഇടയനായി വരച്ചു കാണിക്കുന്നതുകൊണ്ടാണ് (വാ. 11, 14; വാ. 2 നോക്കുക). ഒരു ഇടയനായി, ക്രിസ്തു തന്റെ ആടുകളെ

അറിയുകയും അവ അവനെ അറിയുകയും ചെയ്യുന്നു (വാ. 14). അവൻ തന്റെ ആടുകളെ നയിക്കുന്നു (വാ. 13) "സ്വച്ഛതയുള്ള വെള്ളത്തിനരികിലേക്കും" "നീതിപാതകളിലേക്കും" (സങ്കീർത്തനം 23:2, 3). അവന്റെ ആടുകൾ അവന്റെ ശബ്ദം തിരിച്ചറിഞ്ഞ് അവനെ അനുഗമിക്കുന്നു (യോഹ. 10:3, 4). അവന് വിചാരം സ്വന്തം സുരക്ഷയല്ല, എന്നാൽ ആടുകളുടെ സുരക്ഷയാണ് (വാ. 10[33]). അവൻ അവയെ സംരക്ഷിക്കുകയും (വാ. 12–ൽ അന്തർലീനമാക്കിയിരിക്കുന്നു) അവയ്ക്കുവേണ്ടി മരിക്കുവാൻ പോലും തയ്യാറാകുന്നു (വാ. 11, 17, 18)!

17–ഉം 18–ഉം വാക്യങ്ങളെ കുറിച്ച്, ജോൺ ഫ്രാങ്ക്ളിൻ കാർട്ടർ എഴുതി, "ബൈബിളിൽ ഒരിടത്തും അവൻ മനസ്സുവെച്ചുകൊണ്ടു മരിച്ചു എന്നോ, അല്ലെങ്കിൽ മതിയായത്ര ശക്തിയാൽ ജീവിതത്തിലേക്ക് അവൻ തിരിച്ചുവന്നുവെന്നോ വ്യക്തമായി പ്രസ്താവിച്ചിട്ടില്ല" [34] നിങ്ങളുടെ ബൈബിളിലുള്ള ആ വാക്യങ്ങൾ നിങ്ങൾക്കുവേണമെങ്കിൽ അടയാളപ്പെടുത്താം. ക്രിസ്തുവിനെ ഒറ്റിക്കൊടുക്കലും, വിചാരണയും, മരണവും പഠിക്കുമ്പോൾ അത് ഓർമ്മിക്കുക. അവന്റെ ക്രൂശീകരണം രക്ഷപ്പെടുവാൻ കഴിയാതെ പോയ നീതിനിഷേധമായി ദുഃഖിക്കേണ്ടതായിരുന്നില്ല; അവൻ സ്വയമായി തന്റെ ആടുകൾക്കുവേണ്ടി യാഗമായി തീർന്നതായിരുന്നു!

വാക്യം 16–ലെ യേശുവിന്റെ വാക്കുകൾ നമ്മെ സന്തോഷിപ്പിക്കുന്നു: "ഈ തൊഴുത്തിൽ ഉൾപ്പെടാത്ത, വേറെയും ആടുകൾ എനിക്കുണ്ട്; ഞാൻ അവയെയും നടത്തേണ്ടതാകുന്നു, അവ എന്റെ ശബ്ദം കേൾക്കും; അങ്ങനെ ഒരു ഇടയനും ഒരു കൂട്ടവുമായി തീരും." "വേറെ ആടുകൾ" എന്നതു സൂചിപ്പിക്കുന്നതു ജാതികളെയാണ് – മറ്റൊരു വാക്കിൽ പറഞ്ഞാൽ, ഈ പാഠം പഠിക്കുന്ന നിങ്ങളിൽ അധികം പേരും! ക്രിസ്തു എല്ലാ മനുഷ്യരെയും സ്നേഹിച്ചു; അവൻ എല്ലാ മനുഷ്യർക്കുംവേണ്ടിയാണ് തന്റെ ജീവൻ നൽകിയത്. അവൻ സർവ്വദേശീയ ഇടയൻ ആകുന്നു!

## സ്വയം-സേവിക്കുന്ന അദ്ധ്യക്ഷന്മാർ

കർത്താവിന്റെ ത്യാഗ സ്വഭാവത്തിന് എതിരായിരുന്നു അക്കാലത്തെ സ്വയം–സേവിക്കുന്ന മതാദ്ധ്യക്ഷന്മാർ. അവർ യെഹൂദന്മാരുടെ മേൽ ദൈവത്തിന്റെ ഇടയന്മാരായി *ഇരിക്കേണ്ടവരായിരുന്നു*, എന്നാൽ അവർ തങ്ങളുടെ ദൗത്യത്തിൽ പരാജയപ്പെട്ടു (യെഹെസ്കേൽ; യിരെമ്യാവു 34:1–6; സെഖര്യാവു 11:4–11; മത്തായി 9:36; മർക്കൊസ് 6:34 നോക്കുക):

- ദൈവേഷ്ടം മനസ്സോടെ ചെയ്യേണ്ട ഇടയന്മാരായി തീരുന്നതിനുപകരം,[35] അവർ കള്ളന്മാരും കവർച്ചക്കാരുമായി വാതിലിൽകൂടി പ്രവേശിക്കാതെ മറ്റു വഴിയിൽകൂടെ കടന്നു, തങ്ങളുടെ സ്വന്ത പോക്കറ്റുകൾ വീർപ്പിക്കുവാൻ മാത്രം തൽപരരായിരുന്നു (യോഹ. 10:1,8).
- ആടുകളെ അറിഞ്ഞ് അവയിൽ പ്രത്യേക താൽപര്യം കാണിക്കാതെ, അവർ അന്യന്മാരെ പോലെ പെരുമാറുന്നവരായിരുന്നു (യോഹ. 10:5).
- ആടുകളെ സംരക്ഷിക്കുന്നതിന് അപകടം പോലും നേരിടുവാൻ തയ്യാറാകേണ്ട ഇടയന്മാർ ആകുന്നതിനുപകരം (1 ശമുവേൽ 17:34–37 നോക്കുക), അവർ തങ്ങളുടെ തന്നെ സുരക്ഷിതത്വം നോക്കിയിരുന്നു. അവർ "വാടകയ്ക്കു എടുത്ത, കൈ" എന്ന മനോഭാവക്കാരായിരുന്നു.[36]; അവർ

തങ്ങളുടെ ശമ്പളത്തെ കുറിച്ചു മാത്രം വിചാരപ്പെട്ടിരുന്നു അല്ലാതെ ആടുകളുടെ-ക്ഷേമത്തെ കുറിച്ചായിരുന്നില്ല (യോഹ. 10:11, 12).

ലോകത്തിൽ ഇന്ന് സ്വയം-സേവിക്കുന്ന മതാധ്യക്ഷന്മാർ ആരാധ്യമായ രീതിയിൽ ആടുകളെ ചേർത്തുകൊണ്ട് കൃത്യമായി അവരെ പറ്റിച്ചുകൊണ്ടിരിക്കുന്നു. വഞ്ചിക്കപ്പെടരുത്. ശരിയായ ഇടയൻ "ശ്രേഷ്ഠ ഇടയൻ ആകുന്നു" (1 പത്രൊസ് 5:4), "നല്ല ഇടയൻ" (യോഹ. 10:11, 14) യേശുക്രിസ്തു ആണ്.[37] പകരമായി മറ്റാരെയും സ്വീകരിക്കരുത്.

**ഉപസംഹാരം**

മറ്റൊരു വെളിച്ചത്തെ നാം സ്വീകരിക്കരുത്. മറ്റേതൊരു "വെളിച്ചവും" ഇരുട്ടു കൊണ്ടുവരുന്നതാണ്. മറ്റൊരു കർത്താവിനെ നാം സ്വീകരിക്കരുത്. മറ്റേതൊരു "കർത്താവും" സ്വയം-സേവിക്കുന്നവനാണ്. മറ്റൊരു അദ്ധ്യക്ഷനേയും നാം സ്വീകരിക്കരുത്. വേറെ ഏതൊരു "അദ്ധ്യക്ഷനും" നമ്മെ തെറ്റിലേക്കു നയിക്കും. യേശുവിനെ മാത്രം പിൻപറ്റുക. പകരക്കാരെ സ്വീകരിക്കരുത്!

ഫലത്തിൽ, താൻ വെളിച്ചമാണെന്നു ക്രിസ്തു പറഞ്ഞപ്പോൾ, കർത്താവും, അദ്ധ്യക്ഷനും, അവനെ കേട്ടവരും വേർതിരിഞ്ഞു (യോഹന്നാൻ 10:19). ചിലർ പറഞ്ഞു, "അവന്നു ഭൂതമുണ്ട്, അവൻ ഭ്രാന്തനാകുന്നു" എന്നു പറഞ്ഞു (യോഹ 10:20), എന്നാൽ മറ്റുള്ളവർ പറഞ്ഞു, "ഇതു ഭൂതഗ്രസ്ഥന്റെ വാക്കല്ല, ഭൂതത്തിന്നു കുരുടന്മാരുടെ കണ്ണുതുറക്കാൻ കഴിയുമോ?" (യോഹന്നാൻ 10:21). യേശുവിനെ കുറിച്ചു തീരുമാനമെടുക്കേണ്ടത് ഓരോ വ്യക്തിയാണ്. യേശുവിനെ നിങ്ങളുടെ വെളിച്ചമായും, നിങ്ങളുടെ കർത്താവായും, നിങ്ങളുടെ അദ്ധ്യക്ഷനായും നിങ്ങൾ സ്വീകരിക്കുമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

നാം എങ്ങനെ അവനെ നമ്മുടെ വെളിച്ചമായും, കർത്താവായും, അദ്ധ്യക്ഷനായും സ്വീകരിക്കും? ഏത് വാക്കുപയോഗിച്ചാലും ശരി, ആവശ്യങ്ങൾ എല്ലാം ഒന്നുതന്നെ;

- നാം അവനെ കേൾക്കണം (യോഹ 10:3-5, 16).
- നാം അവനിൽ വിശ്വസിക്കണം (യോഹന്നാൻ 8:24; 9:38).
- നാം അവനെ അനുഗമിക്കണം (യോഹന്നാൻ 10:4; 8:12) അവന്റെ ഇഷ്ടം ചെയ്യുകയും വേണം (യോഹന്നാൻ 8:31, 52).[38]

നല്ല ആടുകൾ പച്ചമേച്ചിൽപ്പുറം കണ്ടെത്തുക മാത്രമോ അല്ലെങ്കിൽ കവർച്ച നടത്തുകയോ ഇല്ല. നല്ല ആടുകൾ അവർക്ക് ഒരു ഇടയന്റെ ആവശ്യം എത്രമാത്രമുണ്ടെന്നു അവർ തിരിച്ചറിയും."[39] നിങ്ങൾക്കു നല്ല ഇടയൻ വേണമെന്നു അറിയാമെങ്കിൽ, ഇന്നു തന്നെ അവന്റെ അടുക്കൽ എത്തുകയും - എല്ലാ ദിവസവും അവനെ പിൻപറ്റുകയും ചെയ്യുക!

**പ്രസംഗക്കുറിപ്പുകൾ**

യേശു "ലോകത്തിന്റെ വെളിച്ചം" എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പ്രസംഗം നടത്താം (ജെയിംസ് ബർട്ടൻ കോഫ്മാൻ, കമെന്ററി ഓൺ

ജോൺ (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ളിഷിങ് ഹൗസ്, 1974), 233–34). ഈ പുസ്തകത്തിൽ തന്നെ യോഹന്നാൻ 9നെ കുറിച്ചു ഒരു പ്രസംഗമുണ്ട്. യേശു "നല്ല ഇടയൻ," എന്ന വിഷയമെടുത്ത് ഒരു പ്രസംഗം ഉൾപ്പെടുത്തുവാൻ എനിക്ക് ആഗ്രഹമുണ്ട് പക്ഷെ സമയം അനുവദിക്കുന്നില്ല.

ഈ വേദഭാഗത്തിൽ നിന്ന് വേറെയും പ്രസംഗങ്ങൾ ഇതുപോലെ തയ്യാറാക്കാം: യോഹന്നാൻ 7:25 ഉം 8:53 ഉം എടുത്തുകൊണ്ടു "അവൻ, വാസ്തവത്തിൽ ആർ?" എന്ന പ്രസംഗം നടത്താം. "യേശു ആരാണെന്നാണ് നിങ്ങൾ വിചാരിക്കുന്നത്?" എന്നു ചോദിച്ച് നിങ്ങളുടെ ശ്രോതാക്കൾക്കു വെല്ലിവിളി ഉയർത്താം.

യോഹന്നാൻ 9:25–ലെ യാചകന്റെ വാക്കുകൾ എനിക്കിഷ്ടമാണ്: ''... ഒന്നെനിക്കറിയാം, ഞാൻ കുരുടനായിരുന്നുവെങ്കിലും ഇപ്പോൾ കാണുന്നു." "ഒന്നെനിക്കറിയാം" എന്നു പറഞ്ഞ് നിങ്ങൾക്കൊരു പ്രസംഗം നടത്താം. നമുക്കെല്ലാം അറിയണമെന്നില്ല, എന്നാൽ ഈ സത്യങ്ങൾ നമുക്കറിയാം: ദൈവം നമ്മെ സ്നേഹിക്കുന്നു: അവൻ തന്റെ പുത്രനെ അയച്ചതു നമുക്കുവേണ്ടി മരിപ്പാൻ ആയിരുന്നു, തുടങ്ങിയവ – മറ്റൊരു വാക്കിൽ പറഞ്ഞാൽ നമുക്കു തീർച്ചയുള്ള കാര്യത്തെ കുറിച്ചുള്ള ലളിതമായ പ്രസംഗമായിരിക്കുമിത്.

നല്ല ഇടയൻ എന്ന ഭാഗം എടുത്തുകൊണ്ട് മൂപ്പന്മാരെ കുറിച്ചുള്ള ഒരു പ്രസംഗം നടത്താം: "ഒരു ഇടയൻ എന്നാൽ എന്താണ് അതിന്റെ അർത്ഥം."

---

കുറിപ്പുകൾ

[1]ചിലർ വിചാരിക്കുന്നത് യോഹ 9:1–10:21 ലെ സംഭവങ്ങൾ നടന്നത് പ്രതിഷ്ഠോത്സവത്തിനിടയിൽ ആയിരുന്നുവെന്നാണ്.അതിനു സാധ്യതയുണ്ട്. എങ്ങനെയായാലും, കൂടാരപ്പെരുന്നാളിനെ കുറിച്ചുള്ള അദ്ധ്യായങ്ങളും യോഹന്നാൻ 9–ഉം തമ്മിൽ ഒരടുത്ത ബന്ധമുണ്ട് (യോഹന്നാൻ 7:13, യോഹന്നാൻ 9:22–ഉം, യോഹന്നാൻ 8:12–ഉം, യോഹന്നാൻ 9:5–ഉം ആയി താരതമ്യം ചെയ്യുക); യോഹന്നാൻ 9:1–10:21 അതേസമയത്ത് തുടർച്ചയായി സംഭവിച്ചതാണെന്നു തോന്നുന്നു. തീർച്ചയായും, യോഹന്നാൻ 8:59 നും യോഹന്നാൻ 9:1–നും ഇടയ്ക്ക് അൽപം വിശ്രമമുണ്ട്, പിന്നീടു സംഭവിക്കുന്ന യെഹൂദ്യ ശുശ്രൂഷയിലെ ചില സംഭവങ്ങൾ അവിടെ ചേർത്തിരിക്കുവാൻ സാധ്യതയുണ്ട്. അത് തമ്മുടെ അടുത്ത പാഠത്തിൽ ചർച്ച ചെയ്യും. [2]യോഹന്നാൻ 6:35; 8:12, 58; 10:11; 11:25; 14:6; 15:1. [3]നല്ല ഇടയൻ എന്ന ചിത്രീകരണവുമായി ബന്ധപ്പെട്ട്, യേശു പറഞ്ഞു, "ഞാൻ വാതിൽ ആകുന്നു" (10:7, 9), അത് "ഞാൻ" എന്ന പ്രസ്താവനയോടുകൂടെ ചേർക്കാം. [4]യെഹൂദന്മാരായ സ്ത്രീകൾക്കും പുരുഷന്മാർക്കും ദേവാലയത്തിലേക്ക് കടന്നുപോകാവുന്ന ഒന്നായിരുന്നു സ്ത്രീകളുടെ പ്രാകാരം. ദിവസത്തിൽ രണ്ടുപ്രാവശ്യം പ്രാർത്ഥിക്കുവാനുള്ള സ്ഥലവുമായിരുന്നു അത്. [5]അവിടെ വെച്ചിരുന്ന പാത്രങ്ങളിൽ നിക്ഷേപിക്കുന്ന പണം ദേവാലയത്തിന്റെ പ്രത്യേക ആവശ്യങ്ങൾക്കായി വിനിയോഗിച്ചിരുന്നതും അവ സ്വമേധാദാനങ്ങളായി സ്വമനസ്സാലെ നൽകിയതുമായിരുന്നു. [6]മെഴുകുതിരി വെളിച്ചത്തിന്റെ വിശദാംശങ്ങൾക്കു, മുൻപിലത്തെ പാഠമായ ജീവജലം, "നോക്കുക. [7]എച്ച്. ഐ. ഹെസ്റ്റർ, ദ ഹാർട്ട് ഓഫ് ദ ന്യൂ ടെസ്റ്റമെന്റ് (ലിബർട്ടി, മോ.: ക്വാളിറ്റി പ്രെസ്, 1963), 164–65. [8]ആ അദ്ധ്യായം നിങ്ങൾക്കുവേണമെങ്കിൽ അവലോകനം നടത്താം. ക്രിസ്തുവിന്റെ ജീവിതം, 2 ലെ "കാറ്റു ഉരുണ്ടുകൂടൽ" എന്നതും "ദൈവത്തോടു തുല്യത," എന്നതും നോക്കുക. [9]ലിവിങ്

ബൈബിളിലെ സമാന്തര പ്രയോഗം നോക്കുക. ഇത് അമേരിക്കയിലെ ഒരു പ്രയോഗമാണ്. ഒരുപക്ഷെ നിങ്ങളുടെ പ്രദേശത്ത് ഇതുപോലെയുള്ളത് കണ്ടേക്കാം. [10]"അപ്പൊസ്തലൻ" എന്ന വാക്കിന്റെ അക്ഷരികമായ അർത്ഥം "അയയ്ക്കപ്പെട്ടവൻ" എന്നാണ്. പന്തിരുവർ യേശുവിന്റെ അപ്പൊസ്തലന്മാർ ആയിരുന്നു. യേശു ദൈവത്തിന്റെ അപ്പൊസ്തലൻ ആയിരുന്നു.

[11]അവന്റെ ശത്രുക്കൾ അവനെ കുറ്റം ചുമത്തുവാൻ ശ്രമിച്ചു, എന്നാൽ അവൻ ശബ്ബത്തു ലംഘിച്ചതുകൊണ്ട് അവർക്ക് നന്നായി ചെയ്യുവാൻ കഴിഞ്ഞത് അവർ ഉപായം കണ്ടെത്തിയതുകൊണ്ടായിരുന്നു. [12]യോഹന്നാൻ 8:24 ചുരുക്കമായി കഴിഞ്ഞ പാഠത്തിൽ നാം പറയുകയുണ്ടായി ("യെരുശലേമിലേക്കു യാത്ര ചെയ്തു") യേശു മശിഹയാണെന്നു വിശ്വസിക്കുന്ന പൊതുവായ പ്രസ്താവനയായിരുന്നു ആ വാക്ക്, എന്നാൽ അതിലധികവും അതിൽ അടങ്ങിയിട്ടുണ്ട്. "ഹി" എന്നത് ചരിച്ചെഴുതിയിരിക്കുന്നതു ശ്രദ്ധിക്കുക. അക്ഷരികമായി, ക്രിസ്തു പറഞ്ഞു "ഞാൻ" – അതായതു, ദൈവമാണോ എന്ന് അവർ വിശ്വസിക്കേണ്ടിയിരുന്നു. (ആ പ്രസ്താവന യോഹന്നാൻ 8:58 മായി താരതമ്യം ചെയ്യുക.) പല എഴുത്തുകാരും പറയുന്നത് "അവനിൽ വിശ്വസിക്ക (ൽ) "(വാക്യം 30) എന്നതും അവനെ "വിശ്വസിക്കുന്ന (തും) തമ്മിൽ വ്യത്യാസം ഉണ്ടെന്നാണ്" (വാ. 31). അതിനു സാധ്യതയുണ്ട്. എന്നാൽ വാ. 31 വാക്യം 30–ലേക്കുള്ള ഒരു പിൻ–തുടർച്ചയാണ്. യേശുവിൽ വിശ്വസിപ്പാൻ ഇരിക്കുന്നവർ വാസ്തവത്തിൽ വിശ്വാസം എന്താണെന്നു തിരിച്ചറിയണമെന്നു അവൻ ആഗ്രഹിച്ചു. [14]"യെഹൂദന്മാർ" എന്ന ഈ പാഠത്തിലെ വാക്ക് സാധാരണ തിരുവെഴുത്തിൽ ഉപയോഗിച്ചിരിക്കുന്നത് യെഹൂദ പ്രമാണിമാരെയാണ് (പേജ്). [15]പലപ്പോഴും, ഉദ്ധരിച്ച ഈ വേദഭാഗം സാധാരണ സത്യം പൊതുവിൽ പ്രയോഗിക്കുന്നതാണ്. സന്ദർഭത്തിൽ യേശു സംസാരിച്ച ആത്മീയസത്യത്തെയാണ് സൂചിപ്പിക്കുന്നത്, പ്രത്യേകിച്ച് അവൻ ആരാകുന്നു എന്നും അവനെന്തുചെയ്യുവാൻ വന്നു എന്നുമുള്ള സത്യം. ന്യായപ്രമാണത്തോടു കൂട്ടിച്ചേർത്ത മനുഷ്യരുടെ സ്വച്ഛാധിപത്യ പാരമ്പര്യത്തിൽ നിന്ന് മോചനം വരുത്തുന്ന സത്യത്തെയും എടുത്തു കാണിക്കുന്നു. [16]ബാബേലിലും പാർസിയിലും ഇസ്രായേല്യർ അടിമകളായിരുന്നതുകൊണ്ട് ആ അവകാശം അസാധാരണമായിരുന്നു. ക്രിസ്തുവിന്റെ ജീവിത കാലത്ത്, യെഹൂദന്മാർ റോമിനു കീഴ്പ്പെട്ടിരുന്നു. [17]പാപത്തിന് ദാസനായി തീരുന്നുവെന്ന യേശുവിന്റെ പ്രസ്താവന പുതിയ നിയമത്തിലെ മറ്റു ഭാഗങ്ങളിലും ഉണ്ട് (റോമർ 6:16–18). [18]യോഹന്നാൻ 8:44 പിശാചിന്റെയും അവന്റെ പ്രവൃത്തിയെയും ചുരുങ്ങിയ പ്രസ്താവനകൾ പറയുന്നു. "ആദിമുതൽ കുലപാതകൻ," എന്നു സൂചിപ്പിച്ചിരിക്കുന്നത് ഹവ്വയിൽ പാപം ചെലുത്തിയതുമുതലാണ്, അതാണ് ലോകത്തിലേക്ക് ഭൗതികമരണം കൊണ്ടുവന്നത്. [19]യെഹൂദന്മാർ യേശുവിനെ "ഒരു ശമര്യക്കാരൻ," എന്നു വിളിച്ചതു അവൻ ശമര്യയിൽ ജനിച്ചുവളർന്നതുകൊണ്ടായിരുന്നില്ല. മറിച്ച്, അത് ഒരു പരിഹാസ വാക്കായിരുന്നു; യെഹൂദന്മാർ ശമര്യക്കാരെ തരം താഴ്ന്നവരെന്നു കരുതി വെറുത്തിരുന്നു. ലോകത്തിൽ പല ഭാഗത്തും, ആളുകൾ ഇത്തരത്തിൽ പ്രാദേശിക വിശേഷണം പരിഹാസ്യ രൂപത്തിൽ പറഞ്ഞിരുന്നു. [20]ദേവാലയത്തിൽ നിന്ന് എറിയുവാൻ അവർക്ക് കല്ല് എവിടുന്ന് കിട്ടി? ഇതാ ചില ചിന്തകൾ: (1) പൊതുവിൽ ദൈവാലയ സമുച്ചയം ആളുകളെയും മൃഗങ്ങളെയും കൊണ്ടു നിറഞ്ഞിരുന്നു. മുൻപ്, ആലയത്തിന്റെ തറയിൽ ഉണ്ടായിരുന്ന പൊടിയിൽ യേശു എഴുതിക്കൊണ്ടിരുന്നു (യോഹന്നാൻ 8:6, 8). വീണുകിടന്ന–അവശിഷ്ടങ്ങൾ കൊണ്ട് തറ അഴുക്കു പുരളാൻ സാധ്യതയുണ്ട്. (2) ഹെരോദാവു ബി.സി. 20–ൽ ദേവാലയം പുതുക്കിപ്പണിയുവാൻ തുടങ്ങുകയും അപ്പോഴും അതിന്റെ പണി നടന്നുകൊണ്ടിരിക്കുകയും ചെയ്തു. ഏതു നിർമ്മാണ സ്ഥലത്തും ചുറ്റും പാറക്കഷണങ്ങളും അവശിഷ്ടങ്ങളും കാണാം. (3) അദ്ധ്യക്ഷന്മാർ തയ്യാറെടുപ്പോടുകൂടെ ആയിരിക്കാം വന്നത്, അവരുടെ

കൈകളിലും വസ്ത്രങ്ങളിലും കല്ലുകളും ഉണ്ടായിരുന്നു.

[21]കെജെവിയിൽ കുറച്ചു വാക്കുകൾ കൂടെ ചേർത്തിട്ടുണ്ട്, അത് നല്ല കയ്യെഴുത്തു പ്രതികളിൽ ഇല്ല, പക്ഷെ വാക്യത്തിന്റെ അടിസ്ഥാന അർത്ഥത്തിന് അതു മാറ്റം വരുത്തുന്നില്ല. [22]ഭണ്ഡാരസ്ഥലം സ്ത്രീകളുടെ പ്രാകാരത്തിന്റെ ഭാഗമായിരുന്നു. (ദേവാലയ പ്രാകാരങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ അവലോകനം നടത്തുക.) [23]യോഹന്നാൻ 8:59–ലെ സംഭവത്തിനുശേഷം സൗഖ്യപ്പെടുത്തൽ നടന്നിരിക്കുവാനാണ് സാധ്യത. ഈ പാഠത്തിനുശേഷം പ്രസംഗത്തിൽ വരുന്ന വിവിധ സാധ്യതകളെ നാം ആരായും. [24]മുൻപ് സൂചിപ്പിച്ച വിവാദങ്ങൾ മത്തായി 12:1–14 ലും യോഹന്നാൻ 5:1–47 ലും കാണാം. [25]സംഭവത്തിന്റെ വിശദാംശങ്ങൾക്കു നോക്കുക "ഞാൻ കുരുടനായിരുന്നു, എന്നാൽ ഇപ്പോൾ ഞാൻ കാണുന്നു" അത് ഈ പുസ്തകത്തിൽ അവസാനം കാണാം. [26]ഉപമകളെ കുറിച്ചുള്ള ചർച്ചക്കു, "അവൻ പല കാര്യങ്ങളും അവരോടു ... ഉപമകളായി പറഞ്ഞു" എന്നത് ക്രിസ്തുവിന്റെ ജീവിതം, 3–ൽ കാണാം. സാങ്കേതികമായി, യോഹന്നാൻ 10:1–5 ഒരു രൂപകാലങ്കാരമാണ്. ഒരു ഉപമ "വിപുലീകരിച്ച ദൃഷ്ടാന്തമാണ്" (സാധാരണ താരതമ്യത്തിന് ഉപയോഗിക്കുന്ന വാക്കാണ്, ഉദാഹരണത്തിന് "പോലെ" അല്ലെങ്കിൽ "ഉണ്ട്" ), എന്നാൽ ഒരു ദൃഷ്ടാന്തരൂപം സാധാരണ പലതും ഉപദേശിക്കുന്നതാണ്. [27]ഈ വാക്ക് യോഹന്നാൻ 16:25, 29–ലും രണ്ടു പത്രൊസ് 2:22–ലും കാണാം. [28]ആടുകളെ കുറിച്ചുള്ള കരുതൽ നിങ്ങളുടെ ശ്രോതാക്കൾക്ക് പരിചയമുണ്ടായിരിക്കാം അല്ലെങ്കിൽ ഇല്ലായിരിക്കാം. ഉണ്ടെങ്കിൽ യേശുവിന്റെ കാലത്ത് കരുതിയിരുന്നതും നിങ്ങളുടെ ഭാഗത്ത് ആടുകളെ കരുതുന്നതുമായി താരതമ്യം ചെയ്യുക. [29]എപ്പോഴും അങ്ങനെ ആയിരിക്കണമെന്നില്ല. ഉദാഹരണത്തിന്, വസന്തകാലത്ത്, പുല്ല് പച്ചനിറത്തിൽ സമൃദ്ധമായിരുന്നു, ആടുകളെ വയലിൽ വിട്ടുകൊണ്ട് രാത്രി കമ്പിളി കത്രിക്കുന്നതിനും മാംസോൽപാദനത്തിനും ആയി സൂക്ഷിച്ചിരുന്നു (ലൂക്കൊസ് 2:8). മറ്റു സമയങ്ങളിൽ, അവർ ആട്ടിൻകൂട്ടത്തോടൊപ്പം രാത്രി കഴിഞ്ഞിരുന്നു. [30]കെജെവി ആ മനുഷ്യനെ വിളിക്കുന്നതു "പോർട്ടർ" എന്നാണ് (യോഹ. 10:3).

[31]ഒരിക്കൽ കൂടെ, സ്ഥലപരിമിതി മൂലം പ്രാധാന്യമുള്ള പോയിന്റു മാത്രമേ നൽകിയിട്ടുള്ളൂ. നിങ്ങൾക്കുവേണമെങ്കിൽ ഈ ഭാഗം വിപുലമാക്കാം. [32]എല്ലാ ആലങ്കാരിക പ്രയോഗവും പോലെ, "അകത്ത്" "പുറത്ത്" എന്നത് രണ്ടറ്റത്തെ ആണെന്നു ധരിക്കരുത്; യേശുവിന്റെ സ്നേഹവും കരുതലും ആണ് "ഇൻ ആന്റ് ഔട്ട്" എന്നു പറഞ്ഞിരിക്കുന്നത്. [33]യോഹന്നാൻ 10:10–ന്റെ അവസാന ഭാഗം യേശു ലോകത്തിലേക്ക് എന്തിനുവന്നു എന്നുള്ളതിന്റെ മുഖ്യ പ്രസ്താവനകളിൽ ഒന്നാണ്. അവൻ വന്നത് സമൃദ്ധമായി ജീവൻ ഉണ്ടാകേണ്ടതിനാണ്! അതിനർത്ഥം നമുക്കു സമ്പൽസമൃദ്ധിയോ അല്ലെങ്കിൽ ഈ ലോകത്തിൽ പണമോ മറ്റു സമ്പാദ്യമോ ഉണ്ടാകുമെന്നല്ല ക്രിസ്തുവിലുള്ള ജീവിതം മാത്രമാണ് വിലയുള്ളത് എന്നാണ് അതിന്റെ അർത്ഥം. [34]ജോൺ ഫ്രാങ്ക്ളിൻ കാർട്ടർ, എ ലേ മാൻസ് ഹാർമണി ഓഫ് ദ ഗോസ്പെൽസ് (നാഷ്‌വില്ലേ: ബ്രോഡ്മാൻ പ്രെസ്, 1961), 210. [35]ഏക വാതിലിൽക്കൂടെ കടക്കുകയാണ് ദൈവത്തിന്റെ ഉദ്ദേശം (നിയമപരമായി, ദൈവത്താൽ–അംഗീകരിക്കപ്പെട്ട). [36]ആരുടെയെങ്കിലും ആടിനെ നോക്കുവാൻ ശമ്പളത്തിന് ആക്കിയവരായിരിക്കും മിക്ക ഇടയന്മാരും. എന്നിട്ടും, ഇടയന്മാരുടെ ഹൃദയം ആടുകളുടെ ക്ഷേമത്തിൽ–ആയിരിക്കും. എങ്ങനെയായാലും, കുറെ പേർ "പണത്തിനു വേണ്ടി" ചെയ്യുന്നവർ അപകടം വരുമ്പോൾ അതിൽനിന്ന് ഓടിപ്പോകും. യേശു പറഞ്ഞു, യെഹൂദാധികാരികൾ അതുപോലെയാണ്. കെജെവിയിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് "ഹയർലിങ്," എന്നാണ് അത് ആരെയെങ്കിലും ശമ്പളത്തിന് ആക്കുന്നത് അന്തർലീനമാക്കുന്നു, കൂടാതെ അയാൾ തന്റെ ശമ്പളത്തിൽ ആയിരിക്കും താൽപര്യം കാണിക്കുക. ഇന്ന് ഒരു പ്രായോഗികത വരുത്താം: മൂപ്പന്മാർക്കും ഉപദേഷ്ടാക്കന്മാർക്കും ശമ്പളം കൊടു

ക്കുന്നത് വചനാനുസരണമാണ്. (ലൂക്കൊസ് 10:7; 1 കൊരിന്ത്യർ 9:7–11; 1 തിമൊഥെയൊസ് 5:17, 18), എന്നാൽ മൂപ്പന്മാരും ഉപദേഷ്ടാക്കന്മാരും ഒരിക്കലും തങ്ങളുടെ ജോലി "പണത്തിനുവേണ്ടി" ചെയ്യരുത്. [37]ഒരു ഇടവകയിലെ മൂപ്പന്മാർ "ഇടയന്മാർക്കു കീഴിൽ" (1 പത്രൊസ് 5:1–4) ആടുകളെ മേയ്ക്കുന്നവരാണ്. (പ്രവൃത്തികൾ 20:28–31) – അതായത്, പ്രത്യേക ഇടവകയുടെ ശ്രദ്ധക്കായി അവരെ ഭരമേൽപിച്ചിരിക്കുന്നു. അവർ ശ്രേഷ്ഠ ഇടയനും വചനത്തിനും കീഴ്പ്പെട്ടിരിക്കുന്നു. [38]ഇവിടെ ശരിയാണെങ്കിൽ, ഒരു പാപത്തിൽ മുഴുകിയ വ്യക്തി പാപത്തിൽ നിന്ന് പൂർണ്ണമായി മാനസാന്തരപ്പെട്ട് സ്നാനമേൽക്കേണ്ടത് ദൈവേഷ്ടമാണെന്നു പ്രത്യേക നിർദ്ദേശം നിങ്ങൾക്കു വേണമെങ്കിൽ നൽകാം (മർക്കൊസ് 16:15, 16; പ്രവൃത്തികൾ 2:38), അതുപോലെ തെറ്റിപ്പോയ ക്രിസ്ത്യാനിക്ക് എങ്ങനെ യഥാസ്ഥാനപ്പെടാമെന്നും (പ്രവൃത്തികൾ 8:22; യാക്കൊബ് 5:16; 1 യോഹന്നാൻ 1:9). [39]പോൾ ബ്രൗൺ ലോ, എ ഷെപ്പേർഡ്സ് ഹാർട് ക്വോടഡ് ഇൻ ദ സെൻട്രൽ, വീക്കിലി ബുള്ളറ്റിൻ ഓഫ് ദ സെൻട്രൽ ചർച്ച് ഓഫ് ക്രൈസ്റ്റ്, ക്ലെബൺ, ടെക്സ്. (20 ഏപ്രിൽ 2000): 2.